മലയാളത്തിന്റെ പ്രിയ കഥാകാരൻ
**ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്**
നിങ്ങളുമായി സംവദിക്കുന്നു

# ശിഹാബ്ക്കയോട് ചോദിക്കാം

ശിഹാബ്ക്ക ഒരുപാട് വേദികളിൽ പങ്കെടുത്ത ആളാണല്ലോ.
എങ്ങനെ ഒരു വേദിയെ അഭിമുഖീകരിക്കാം? അനുഭവങ്ങൾ പങ്കുവെക്കാമോ?

**നജ. പി,** ക്ലാസ് 8
ഡി. യു. എച്ച്. എസ്. എസ്.
പാണക്കാട്, മലപ്പുറം

പ്രസംഗം ഒരു കലയാണ്. ഞാൻ എഴുത്തുകാരനുമാണ്. എല്ലാ എഴുത്തുകാരും മികച്ച പ്രഭാഷകരായിക്കൊള്ളണമെന്നില്ല. മികച്ച പ്രഭാഷകർ നല്ല എഴുത്തുകാരാകണമെന്നുമില്ല. പണ്ട് എനിക്ക് ഒട്ടും പ്രസംഗിക്കാനറിയില്ലായിരുന്നു. സഭാകമ്പം കൂടുതലായിരുന്നു.

സ്റ്റേജിൽ കയറുമ്പോഴേക്കും പറയാനുള്ളതെല്ലാം മറന്നുപോകുമായിരുന്നു. വിറയലുണ്ടായിരുന്നു. ശബ്ദം വളരെ പതുക്കെയായിപ്പോകുമായിരുന്നു. പതിയെ പതിയെ ഞാനത് മാറ്റിയെടുത്തു. അതിനുവേണ്ടി ഞാൻ ചെറിയ ഹോംവർക്കുകളൊക്കെ ചെയ്തിരുന്നുവെങ്കിലും അതിനെക്കാൾ വലുത് വേറെ ചില കാര്യങ്ങളാണെന്നാണ് എനിക്ക് തോന്നിയത്.

അവയിൽ ചിലത് താഴെ പറയാം:

1. പ്രസംഗിക്കുന്ന വിഷയത്തെപ്പറ്റി നമുക്ക്



# ശിഹാബ്ക്കയോട് ചോദിക്കാം

നിങ്ങളുടെ ചോദ്യങ്ങളും സംശയങ്ങളും ശിഹാബ്ക്കയുമായി പങ്കുവെക്കുക. ക്ലാസ്, സ്കൂൾ, ഫോൺനമ്പർ എന്നിവ ചേർക്കാൻ മറക്കരുത്.

കത്തുകൾ അയക്കേണ്ട വിലാസം:
ശിഹാബ്ക്കയോട് ചോദിക്കാം.
മലർവാടി മാസിക, ഐ.എസ്.ടി ബിൽഡിംഗ്,
വെള്ളിമാട്കുന്ന്, കോഴിക്കോട്-12. കൂടാതെ
malarvadimag@gmail.com
എന്ന ഇമെയിലിലും 8281572448
എന്ന വാട്സാപ് നമ്പറിലും അയക്കാം.

സ്വന്തമായി എന്താണ് പറയാനുള്ളത് എന്നത് പരമപ്രധാനമാണ്. വല്ലവരും എഴുതിയത് വന്ന് കാണാപ്പാഠം പഠിച്ചു സംസാരിക്കാതിരിക്കുന്നതാണ് നല്ലത്. എന്നാൽ സംസാരിക്കുന്ന വിഷയത്തെപ്പറ്റി മുൻകൂറായി ചിലത് പഠിച്ചുവെക്കണം. എന്നാൽ നിങ്ങളുടെ വിജ്ഞാനപ്രകടനം മാത്രമായി കലാശിച്ചാൽ കേൾക്കുന്നവരെ അത് മടുപ്പിക്കും.



2. പറയുന്ന വിഷയത്തിൽ തികഞ്ഞ ആത്മാർഥതവേണം. നമുക്ക് ബോധ്യമില്ലാത്തതൊന്നും പറയാതിരിക്കുന്നതാണ് ബുദ്ധി.

3. സദസ്സ് എന്തു കേൾക്കാനാണ് ആഗ്രഹിക്കുന്നത് എന്ന് പരിശോധിക്കണം. ഓരോ സദസ്സും വ്യത്യസ്തമാണെന്ന് പ്രഭാഷകന് ഓർമ്മ വേണം.

4. ആളുകളെ ഞെട്ടിക്കാൻ വെറുതെ കഠിന കഠോര പദങ്ങൾ ഉപയോഗിക്കാറുണ്ട് ചിലർ. ഇത് ഒഴിവാക്കണം. എഴുതിവെച്ചതുപോലെ പ്രസംഗിക്കുന്നതും നന്നല്ല.

5. പറയുന്ന വിഷയം നമ്മുടെ ബുദ്ധിയിൽ നിന്ന് മനനം ചെയ്ത് ഹൃദയത്തിലൂടെ പുറത്ത് വന്നാൽ അത് കേൾക്കുന്നവന്റെ ഹൃദയത്തിൽ തട്ടി ബുദ്ധിയിലേക്ക് പോകും. കേൾക്കുന്നവരിൽ ഉണ്ടാക്കുന്ന പ്രതികരണവും നമ്മൾ ശ്രദ്ധിക്കണം.

6. പ്രസംഗത്തിൽ ആത്മപ്രശംസ പാടെ ഒഴിവാക്കണം. സത്യത്തിൽ ആത്മപ്രശംസ സദസ്യരിൽ പുച്ഛമാണ് ഉണ്ടാക്കുക.

7. അതിവേഗത്തിൽ സംസാരിക്കുന്നതിന് പകരം കേൾക്കുന്നവരിൽ ശാന്തത നൽകുന്ന വിധം വാക്കുകളുടെ ഈടുവെപ്പ് നടത്തണം. ആവർത്തനം ഒഴിവാക്കുക.

8. നമുക്ക് അനുവദിച്ച സമയം എത്രയെന്ന് അധ്യക്ഷനോട് ചോദിച്ച് മനസ്സിലാക്കുകയോ സ്വയം മനസ്സിലാക്കിവെക്കുകയോ ചെയ്യണം.

നല്ല പ്രസംഗം മനോഹരമായ അനുഭവമാണ്. പക്ഷേ, പാവം കേൾവിക്കാരെ പറ്റിക്കുന്നവിധം അത് മുന്നേറിപ്പോകരുത്. പ്രസംഗത്തെ അഭിനയ കലയാക്കി മാറ്റുന്നവർ സത്യത്തിൽ ആളുകളെ പറ്റിക്കുന്നവർ കൂടിയാണ്. ഇവരെ കരുതിയിരിക്കണം. ഇങ്ങനെ പ്രസംഗത്തെപ്പറ്റി ഇനിയും ധാരാളം പറയാനുണ്ട്. ഇത്രയും എഴുതിയതു കൊണ്ട് ഞാനൊരു ഉഗ്രൻ പ്രഭാഷകനാണെന്നു വിചാരിച്ചേക്കല്ലേ. ചിലപ്പോൾ അത് നന്നാവും; അത്ര തന്നെ!

നമ്മുടെ സാഹിത്യം വളർന്നുകൊണ്ടിരിക്കുന്നു എന്ന് എല്ലാവരും പറയുന്നു. സാഹിത്യം വളരുന്നതുകൊണ്ട് നാടിന് എന്ത് നേട്ടമാണ് ശിഹാബ്ക്കാ..?

**ഖമറുന്നീസ. പി.കെ**, ക്ലാസ്-9
ടി.എസ്.എസ്, വടക്കാങ്ങര.

എന്താണ് സാഹിത്യം എന്ന് എപ്പോഴെങ്കിലും നിങ്ങൾ ആലോചിച്ചിട്ടുണ്ടോ? മനുഷ്യ ഹൃദയത്തെ സ്പർശിക്കുന്ന കലയാണത്. മറ്റ് മനുഷ്യർക്കൊപ്പം സഞ്ചരിക്കുന്ന കലയും.

ഈ സമൂഹത്തിൽ അടിച്ചമർത്തപ്പെടുന്ന ധാരാളം മനുഷ്യരുണ്ട്. അവരുടെ നാവാണ് സാഹിത്യകാരൻമാർ. മഹത്തായ സാഹിത്യകൃതികൾ വായിക്കുന്നവരിൽ അത് മഹത്തായ ലോകസങ്കൽപങ്ങൾ ഉണ്ടാക്കും.